"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ "GENERAL-RP 2024-25/Providing BC overlay to Ezhukone Nedumonkavu Road 0/000 to 8/100 KM-Patch BC and alied Road work- General Civil Work" എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.11/2026/PWD   തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:-

1. സഉ(പി)നം. 16/2017/ധന, തീയതി 06.02.2017
2. സ.ഉ. (സാധാ)നം. 322/2025/പൊമവ തീയതി 03.03.2025
3. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 22/09/2025 , 12.12.2025, 19.01.2026എന്നീ തീയതികളിലെ CEPWD/16863/2025-C4(W)-RD, നം. കത്തുകൾ.
4. സ.ഉ.(പി).47/2025/ധന തീയതി 11.04.2025

**ഉത്തരവ്**

കൊല്ലം ജില്ലയിലെ "[ PWD/RB/EST /2835/2025_5_1_1 ] GENERAL-RP 2024-25/Providing BC overlay to Ezhukone Nedumonkavu Road 0/000 to 8/100 KM-Patch BC and alied Road work- General Civil Work" എന്ന പ്രവൃത്തിയ്ക്കായി മേൽ പരാമർശം 2 -ലെ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് അതേ തുകയ്ക്ക് തന്നെ സാങ്കേതിക അനുമതി നൽകി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 5 തവണ ടെണ്ടർ ചെയ്തിരുന്നു, ആദ്യ 4 ടെണ്ടറുകളിൽ ബിഡുകൾ ലഭിച്ചിരുന്നില്ല. അഞ്ചാം ടെണ്ടറിൽ EPAC യെക്കാൾ 29.06% അധികമായ ഒരു ബിഡ് ലഭിച്ചിരുന്നു, എന്നാൽ ക്വോട്ട് ചെയ്ത തുക അംഗീകരിക്കാവുന്ന നിരക്കിനെക്കാൾ അധികം ആയിരുന്നു. റേറ്റ് കുറയ്ക്കുന്നതിന് ബിഡർ തയ്യാറായിരുന്നില്ല. പ്രസ്തുത ബിഡ് സമർപ്പിച്ച M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ 3,28,11,595/- രൂപ എന്നത് മേൽ പരാമർശം 1-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണ് എന്നും, എന്നാൽ പ്രസ്തുത റോഡിന്റെ അവസ്ഥ നിലവിൽ വളരെ മോശമാണ് എന്നത് പരിഗണിച്ച്, നിലവിൽ കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്ന 3,28,11,595/- രൂപയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിന് അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. കൂടാതെ, എന്നിരുന്നാലും, മെറ്റീരിയൽ ചെലവുകളിലെ നിലവിലെ വർദ്ധനവ് കണക്കിലെടുത്ത്, ക്വോട്ട് ചെയ്ത തുക കുറയ്ക്കാൻ കഴിയില്ലെന്ന് കരാറുകാരൻ അറിയിച്ചിട്ടുള്ളതായും കൂടുതൽ

കാലതാമസമില്ലാതെ ജോലി ആരംഭിക്കുന്നതിന് ക്വാട്ട് ചെയ്ത നിരക്കിൽ ടെണ്ടർ അംഗീകാരം നൽകുന്നതിനും കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. നിലവിലുള്ള മാർക്കറ്റ് സാഹചര്യങ്ങളും മെറ്റീരിയൽ വിലയിലെ ഏറ്റക്കുറച്ചിലുകളും പുതിയ ടെൻഡർ നിരക്കുകളിൽ തുടർന്നും പ്രതിഫലിക്കുമെന്നതിനാൽ, ഈ ഘട്ടത്തിൽ എസ്റ്റിമേറ്റ് റീകാസ്റ്റുചെയ്ത് റീടെൻഡർ ചെയ്യുന്നതുകൊണ്ട് കൂടുതൽ മികച്ച പ്രതികരണം ലഭിക്കാൻ സാധ്യതയില്ലെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, റീടെൻഡർ ചെയ്യുന്നത് ഈ അടിയന്തര പ്രവൃത്തിക്ക് കൂടുതൽ കാലതാമസമുണ്ടാക്കുമെന്നും, ഈ ഘടകങ്ങൾ കണക്കിലെടുത്ത്, M/s Sreedhanya Construction Company നിലവിൽ ക്വോട്ട് ചെയ്ത 3,28,11,595/- രൂപയ്ക്ക് (EPAC -യെക്കാൾ 29.06% അധികം) ടെൻഡർ അംഗീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, പ്രസ്തുത പ്രവൃത്തി ഇതിനകം 5 തവണ ടെൻഡർ ചെയ്തിട്ടുണ്ടെന്നും ആദ്യത്തെ 4 ടെൻഡറുകളിൽ ഒരു ബിഡ്ഡും ലഭിച്ചിട്ടില്ലെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഞ്ചാമത്തെ ടെൻഡറിൽ ഒരു ബിഡ് മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും അതിനാൽ, എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തതിന് ശേഷം വീണ്ടും ടെൻഡർ ചെയ്താലും കൂടുതൽ പങ്കാളിത്തം ലഭിക്കാൻ സാധ്യതയില്ലെന്നും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത് പരിഗണിച്ച് കൊല്ലം ജില്ലയിലെ "[ PWD/RB/EST /2835/2025_5_1_1 ] GENERAL-RP 2024-25/Providing BC overlay to Ezhukone Nedumonkavu Road 0/000 to 8/100 KM-Patch BC and alied Road work- General Civil Work" എന്ന പ്രവൃത്തിയ്ക്കായി M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ 3,28,11,595/- രൂപ (മൂന്ന് കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം), 2018 DSR അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് PAC-യെക്കാൾ 29.06% കൂടുതലും , 2021 DSR അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് PAC-യെക്കാൾ 16.08% കൂടുതലും ആയതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള മാനദണ്ഡമായ "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്"എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കൊല്ലം
ധനകാര്യ വകുപ്പ് (No.I&PW1/99/2025-Fin(E.3307687) തീയതി 01.12.2025)
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 03-02-2026 16:08:36
സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുമരാമത്ത് സെക്രട്ടറിയുടെ പി.എ.